# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ 24.02.2016–ലെ യോഗ നടപടിക്കുറിപ്പ്

യോഗം ഉച്ചകഴിഞ്ഞ് 2 മണിക്ക് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റിലെ നോർത്ത് കമ്മിറ്റി ഹാളിൽ ആരംഭിച്ചു.

സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.02.2016–ലെ മിനിട്സ് അംഗീകരിച്ചു

**2. പൊതുവിഷയങ്ങൾ**

**2.1** **1217** തദ്ദേശഭരണ സ്ഥാപനങ്ങൾ **2526.41** കോടി രൂപ (**40.62** %) ചെലവഴിച്ചതായും ഇതിൽ **966** ഗ്രാമപഞ്ചായത്തുകൾ **1441.65** കോടി രൂപയും (**45.34** %), **152** ബ്ലോക്ക് പഞ്ചായത്തുകൾ **341.89** കോടി രൂപയും (**46.65 %) 14** ജില്ലാ പഞ്ചായത്തുകൾ **388.75** കോടി രൂപയും (**37.29**%), **79** മുനിസിപ്പാലിറ്റികൾ **252.07** കോടി രൂപയും, (**34.78**%), **6** കോർപ്പറേഷനുകൾ **152.01** കോടി രൂപയും (**23.55** %), ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

**2.2** തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2015–16 പദ്ധതി ഭേദഗതി ചെയ്യുന്നതിന് ഫെബ്രുവരി 29 വരെ ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി.

**2.3** 10.02.2016–ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ സെക്രട്ടറി, പ്ലാനിംഗ് ബോഡ് അംഗം ശ്രീ.സി.പി.ജോൺ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എന്നിവർ അംഗങ്ങളായി രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പരിഗണിക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്കും ഭാരവാഹികൾക്കും ഉള്ള ഹോണറേറിയം താഴെപ്പറയുന്ന നിരക്കിൽ വർദ്ധിപ്പിച്ചു നൽകുന്നതിന് തീരുമാനിച്ചു.

| | | |
|---|---|---|
| ജില്ലാ പഞ്ചായത്ത് | പ്രസിഡന്റ് | 30000 രൂപ |
| | വൈസ് പ്രസിഡന്റ് | 12000 രൂപ |
| | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | 9400 രൂപ |
| | അംഗങ്ങൾ | 8800 രൂപ |
| ബ്ലോക്ക് പഞ്ചായത്ത് | പ്രസിഡന്റ് | 22000 രൂപ |
| | വൈസ് പ്രസിഡന്റ് | 10000 രൂപ |
| | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | 8800 രൂപ |
| | അംഗങ്ങൾ | 7600 രൂപ |
| ഗ്രാമ പഞ്ചായത്ത് | പ്രസിഡന്റ് | 20000 രൂപ |
| | വൈസ് പ്രസിഡന്റ് | 9000 രൂപ |
| | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | 8200 രൂപ |
| | അംഗങ്ങൾ | 7000 രൂപ |
| മുനിസിപ്പാലിറ്റി | ചെയർമാൻ | 22000 രൂപ |
| | വൈസ് ചെയർമാൻ | 10000 രൂപ |
| | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | 8800 രൂപ |
| | അംഗങ്ങൾ | 7600 രൂപ |
| കോർപ്പറേഷൻ | മേയർ | 30000 രൂപ |
| | ഡെപ്യൂട്ടി മേയർ | 12000 രൂപ |
| | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | 9400 രൂപ |
| | അംഗങ്ങൾ | 8200 രൂപ |

ഈ വർദ്ധന 01.04.2016 മുതൽ ബാധകമായിരിക്കും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ധാരാളം യാത്ര ചെയ്യേണ്ടി വരുന്നതിനാൽ ഇരുചക്ര വാഹന ഡീലർമാരുമായി ചർച്ച ചെയ്ത് മാർക്കറ്റ് റേറ്റിൽ കുറഞ്ഞ നിരക്കിൽ ഇരുചക്ര വാഹനങ്ങൾ ലഭ്യമാക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കാൻ സർക്കാരിനോട് ആവശ്യപ്പെട്ടു. ഇതുപോലെ മൊബൈൽ ഫോൺ സേവന ദാതാക്കളുമായി ബന്ധപ്പെട്ട് കുറഞ്ഞ താരിഫ് നിരക്കിലുള്ള സ്കീം ജനപ്രതിനിധികൾക്കുവേണ്ടി നടപ്പിലാക്കാൻ കഴിയുമോ എന്ന കാര്യവും പരിശോധിക്കാൻ സർക്കാരിനോട് ആവശ്യപ്പെട്ടു.

**2.4** 2016–17–ലെ പദ്ധതി സംബന്ധിച്ച മാർഗരേഖയിൽ വന്ന വ്യത്യാസങ്ങൾ പരിഹരിക്കുന്നതിന് 03.02.2016–ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം രൂപീകരിച്ച ഉപസമിതി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുകയും അതിൻപ്രകാരം മാർഗരേഖയിൽ താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

**(1)** സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 3.4(ബി) ക്രമനം.8–ലെ മത്സ്യബന്ധനത്തിനുള്ള മാനദണ്ഡങ്ങളിൽ വല, ഗിൽനെറ്റ് എന്ന ഇനത്തിലെ പട്ടികജാതി പട്ടികവർഗ വിഭാഗം എന്ന വാക്കുകൾ ഒഴിവാക്കുന്നു.

**(2)** ഖണ്ഡി 3.1–ലെ ക്രമനം,6–ൽ സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി ഒരു ഏക്കറിന് 6000 രൂപ എന്നത് ഒരു ഹെക്ടറിന് 6000 രൂപ എന്ന ഭേദഗതി വരുത്തുന്നു.

**(3)** സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 3.2–ലെ ക്രമനം.1 കറവയുള്ള പശു/എരുമ എന്ന ഇനത്തിൽ ഗ്രൂപ്പുകൾക്കുള്ള സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 50% (20000 രൂപ ) എന്നത് 50% (പരമാവധി 2 ലക്ഷം രൂപ എന്നു ഭേദഗതി വരുത്തുന്നു.)

**2.5** നോൺറോഡ് മെയിന്റനൻസ് ഫണ്ടുപയോഗിച്ച് ആശുപത്രികൾ, സ്ക്കൂളുകൾ എന്നിവിടങ്ങളിൽ അടുക്കള, ടോയ്‍ലറ്റ്, ചുറ്റുമതിൽ ഇവ നിർമ്മിക്കുന്നതിനും അഗനവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ആശുപത്രിയോടനുബന്ധിച്ച് മോർച്ചറി നിർമ്മിക്കുന്നതിനും ഈ ഫണ്ട് ഉപയോഗിക്കാവുന്നതാണെന്നും നിരീക്ഷിച്ചു.

**2.6** ഗ്രാമപഞ്ചായത്തുകളിൽ അനുവദിക്കപ്പെട്ട തസ്തിക ഒഴിഞ്ഞു കിടക്കുകയാണെങ്കിൽ താൽക്കാലികാടിസ്ഥാനത്തിൽ എഞ്ചിനീയർമാരെയും ഓവർസീയർമാരെയും നിയമിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഇത് ബ്ലോക്ക് പഞ്ചായത്തുകൾക്കും ബാധകമാണെന്ന് നിരീക്ഷിച്ചു.

**2.7** കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസ് സ്വന്തമായി നിർമ്മിക്കുന്ന സ്റ്റീൽ ഫർണിച്ചറുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കും ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 വയനാട് ജില്ലാ പഞ്ചായത്ത് (ഫയൽനം. 19/ഡി.ബി1/16/തസ്വഭവ)

പട്ടികജാതി യുവതികൾക്ക് പരിശീലനം നൽകുന്നത് മാർഗരേഖയിൽ നിർദ്ദേശിക്കുന്നത് പ്രകാരമുള്ള ഏജൻസികൾവഴി ആയിരിക്കണമെന്നും നിലവിലുള്ള ഓഫീസ് സംവിധാനം ഉപയോഗിച്ച് ജാഗ്രതാസമിതികൾ പ്രവർത്തനങ്ങൾ നടത്തേണ്ടതാണെന്നും പ്രത്യേക ജീവനക്കാരെ നിയമിക്കേണ്ടതില്ലെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 കൂവപ്പടി ഗ്രാമപഞ്ചായത്ത് (ഫയൽനം. 46/ഡി.ബി1 /16/തസ്വഭവ)

പട്ടികജാതിക്കാർക്കായി നടപ്പിലാക്കിയ ഫ്ളാറ്റ് നിർമ്മാണം യൂണിറ്റിന് 4.25000 രൂപക്കു പകരം 987500 ആയി അധികരിച്ചതിന് സാധൂകരണം നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് (ഫയൽനം. 29/ഡി.ബി3/16/തസ്വഭവ)**

പ്രായപൂർത്തിയാകാത്ത അംഗപരിമിതിയുള്ള ബാലന് ലൈസൻസ് ആവശ്യമില്ലാത്ത ബാറ്ററി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന ട്രൈസ്ക്കൂട്ടർ നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 ചിറയ്ക്കൽ ഗ്രാമപഞ്ചായത്ത് (ഫയൽനം. 48/ഡി.ബി3/16/തസ്വഭവ)**

**3.5 ചിറയ്ക്കൽ ഗ്രാമപഞ്ചായത്ത്**

പഞ്ചായത്തിൽ നിലവിലുള്ള വാഹനം തെരുവുവിളക്ക് പരിപാലനത്തിന് ഉപയോഗിക്കുന്നതിനും 8 ലക്ഷം രൂപയിൽ അധികരിക്കാതെയുള്ള വാഹനം ഓഫീസ് ആവശ്യത്തിന് വാങ്ങാനും അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 മാങ്കുളം ഗ്രാമപഞ്ചായത്ത് (ബഹു.ദേവികുളം എം.എൽ.എ. ശ്രീ. എസ്. രാജേന്ദ്രൻ മുഖേന)**
**(ഫയൽനം.49/ഡി.ബി.1/16/തസ്വഭവ)**

സംസ്ഥാന സ്ക്കൂൾ മീറ്റിൽ മെഡൽ ജേതാക്കളായ പട്ടികജാതി വിഭാഗത്തിലെ സഹോദരങ്ങൾക്ക് സ്വന്തമായി വാസയോഗ്യമായ വീട് ഇല്ല എങ്കിൽ 7 ലക്ഷം രൂപ ചെലവിൽ വീട് നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കൊച്ചിൻ കോർപ്പറേഷൻ (ഫയൽ നം.42/ഡി.ബി.3/16/തസ്വഭവ)**

ABC പദ്ധതിയിൽ നായ്ക്കളെ കൊണ്ടു പോകുന്നതിന് 8 ലക്ഷം രൂപ ചെലവിൽ പട്ടിക്കൂട് ഘടിപ്പിച്ച വാഹനം വാങ്ങുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 കടനാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം.266/ഡി.ബി.3/16/തസ്വഭവ)**

പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ വാങ്ങിയ വാഹനം അടിയന്തിരമായി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് കൈമാറുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു. (നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.11/ഡി.സി.3/16/തസ്വഭവ)**

പഞ്ചായത്തിന്റെ ആവശ്യം ഇപ്പോൾ പ്രസക്തമല്ലെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 അടൂർ നഗരസഭ**

കേരള സാമൂഹ്യ സുരക്ഷാ മിഷന് പ്രോജക്ട് വയ്ക്കാതെ സംഭാവന നൽകിയതിന് സാധൂകരണം നൽകി തീരുമാനിച്ചു. ഓപ്പണിംഗ് ബാലൻസ് തിരുത്താൻ കഴിയില്ലെന്ന നിലവിലുള്ള ഉത്തരവ് പ്രകാരം തെറ്റു തിരുത്തുന്ന തീയതിയിൽ തിരുത്തൽ വരുത്താൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 കൊയിലാണ്ടി നഗരസഭ (ഫയൽ നം/ആർ.സി./16/തസ്വഭവ)**

കേരള മുനിസിപ്പാലിറ്റി വസ്തു ആർജിക്കലും കൈയ്യൊഴിക്കലും സംബന്ധിച്ച് നിലവിലുള്ള നിയമം അനുസരിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി–ഡിറ്റ്) രജിസ്ട്രാറുടെ കത്ത് (ഫയൽ നം.85/ഡി.എ1/16/തസ്വഭവ)**

തദ്ദേശഭരണ സ്ഥാപനങ്ങളുടെയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയും മേൽക്കൂരയ്ക്ക് മുകളിലായി 25kW ഗ്രിഡ് സ്ഥാപിച്ച് സൗരോർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് സാദ്ധ്യതാ പഠനം നടത്താൻ 2000 രൂപ നൽകണമെന്ന ആവശ്യത്തിൽ യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 കേന്ദ്ര വാർത്താ വിതരണ– വിവര സാങ്കേതികവിദ്യാ മന്ത്രാലയത്തിനു കീഴിലെ Unique Identification Authority of India അസിസ്റ്റന്റ് ഡയറക്ടർ ജനറലിന്റെ കത്ത്**

തദ്ദേശഭരണ സ്ഥാപനങ്ങളിലെ കുടുംബശ്രീ ഹെൽപ്പ് ഡെസ്ക്ക് മുഖേന പേയ്മെന്റ് വ്യവസ്ഥയിൽ ആധാർ അപ്ഡേറ്റ് ചെയ്യുന്നതിന് അനുമതി നൽകി തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 ഹോമിയോ മെഡിക്കൽ ഓഫീസർ PSC റാങ്ക് ഹോൾഡേഴ്സിന്റെ നിവേദനം**

ഈ വിഷയം കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കേണ്ടതില്ലെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 "അത്താണി" എന്ന സംഘടനയുടെ (വയനാട്ടിലെ മാനസിക രോഗികളുടെയും കുടുംബാംഗങ്ങളുടെയും കൂട്ടായ്മ) നിവേദനം**

കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കേണ്ട വിഷയമല്ലെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 നെന്മാറ ഗ്രാമപഞ്ചായത്തിൽ പേഴുംപാറ നസീമ മൻസിലിൽ മുഹമ്മദ് ഹനീഫയുടെ നിവേദനം**

ഇരു കാലുകൾക്കും ശേഷിയില്ലാത്ത ആളെ ഗ്രാമപഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയതിനുള്ള കാരണം റിപ്പോർട്ട് ചെയ്യുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 പെരിങ്ങാം ഗവ.ആർട്സ് &സയൻസ് കോളേജ് സംഘാടക സമിതിയുടെ നിവേദനം (ബഹു.പയ്യന്നൂർ എം.എൽ.എ ശ്രീ.സി. കൃഷ്ണൻ മുഖേന)**

തനത് ഫണ്ടിൽ നിന്നും സംഭാവന നൽകാൻ യഥേഷ്ടാനുമതി നൽകിയിട്ടും പണം ലഭിക്കാത്തതിനാൽ പ്ലാൻ ഫണ്ടിൽ നിന്നും സംഭാവന നൽകാൻ അനുവദിക്കണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

. (നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 പുളിക്കൽ ഗ്രാമപഞ്ചായത്ത്**

മോഷണം പോയ വാഹനത്തിന് പകരം വാടകയ്ക്ക് വാഹനമെടുക്കണമെന്ന ആവശ്യം വകുപ്പുതലത്തിൽ പരിശോധിക്കുന്നതിന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 മുതുവല്ലൂർ ഗ്രാമപഞ്ചായത്ത് (ബഹു.എം.എൽ.എ ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി മുഖേന)**

രണ്ടു ഗവ, ഹൈസ്ക്കൂളുകളിലെ പ്രൈമറി വിഭാഗത്തിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകണമെന്ന ആവശ്യം ഇരട്ടിപ്പ് വരാതെ നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 വയലാർ ഗ്രാമപഞ്ചായത്ത്**

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗവ.ഐ.ടി.ഐയുടെ വാടക കുടിശ്ശിക നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

5 വർഷം കൊണ്ട് ഇത്രയും തുക തനത് ഫണ്ട് വകയിരുത്തി വികസന പ്രോജക്ട് ഏറ്റെടുക്കണമെന്ന വ്യവസ്ഥയിൽ ഐ.ടി.ഐ കെട്ടിട നിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിന് പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 ഏഴിക്കര ഗ്രാമപഞ്ചായത്ത്**

വാഹനം വാങ്ങുന്നതിനുള്ള ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്**

തൊഴിലിനായി ഉപയോഗിക്കും എന്നുറപ്പാക്കി വാദ്യോപകരണങ്ങൾ വാങ്ങണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 കോഴിക്കോട് കോർപ്പറേഷൻ (ഫയൽ നം.272/ആർ.സി.1/15/തസ്വഭവ)**

ഭൂമി അക്വയർ ചെയ്യുന്നതിന്റെ നഷ്ടപരിഹാരമായി 3771219 രൂപ പ്ലാൻ ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 കേരള അർബൻ ആന്റ് റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ എം.ഡി.യുടെ കത്ത്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എടുത്ത വായ്പയുടെ കുടിശ്ശിക അടയ്ക്കുന്ന തിന് 2015-16 വർഷത്തെ പദ്ധതി തുകയിൽ ചെലവാകാതെയിരിക്കുന്ന തുക ഉപയോഗിക്കാൻ അനുമതി നൽകി തീരുമാനിച്ചു. മെയിന്റനൻസ് ഗ്രാന്റ് ഈ ആവശ്യത്തിന് ഉപയോഗിക്കരുതെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് (ബഹു. നാട്ടിക എം.എൽ.എ. ശ്രീമതി. ഗീത ഗോപി മുഖേന)**

എം.എൽഎ ആസ്തി വികസന ഫണ്ടിൽ നിന്നും സ്ഥാപിച്ച ഹൈമാസ്റ്റ് ലൈറ്റിന്റ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകണ മെന്ന ആവശ്യത്തിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചപ്പോഴുള്ള MOU പ്രകാരം നടപടിയെടുക്കണമെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 നീലേശ്വരം മുനിസിപ്പാലിറ്റി**

പത്തുമാസക്കാലത്തേയ്ക്ക് ടാങ്കർ ലോറിയിൽ കുടിവെള്ളമെത്തിക്കുന്നതിന് അനുമതി നൽകണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 വർക്കല മുനിസിപ്പാലിറ്റി**

നടപ്പാക്കാത്ത പദ്ധതിയുടെ തുക മാറിയ നടപടി ഗൗരവമായി കണക്കാക്കുകയും തുക മാറിയ സെക്ഷൻ ക്ലാർക്ക്, സെക്രട്ടറി എന്നിവരിൽ നിന്നും തുക ഈടാക്കാനും വകുപ്പുതല നടപടി സ്വീകരിക്കാനും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 പരപ്പ ബ്ലോക്ക് പഞ്ചായത്ത്**

റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്ന് ഫർണിച്ചർ വാങ്ങുന്നത് പ്രത്യേക കേസായി അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 ക്ലീൻ കേരള കമ്പനി ലിമിറ്റഡ്**

2015-16 വർഷത്തെ പദ്ധതി ഇനത്തിൽ ചെലവാകാത്ത തുക ക്ലീൻ കേരള കമ്പനിയുടെ ഷെയർ എടുക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 കോട്ടയ്ക്കൽ നഗരസഭ**

കാർ വാങ്ങുന്നതിന് നിലവിലുള്ള വ്യവസ്ഥ പാലിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 കോട്ടയ്ക്കൽ നഗരസഭ**

വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് നടത്തിയ പദ്ധതി സംബന്ധിച്ച് വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിന് തീരുമാനിച്ചു.

**3.32 കോട്ടയ്ക്കൽ നഗരസഭ**

പട്ടികജാതി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങിയതിൽ അധികമായി തുക തിരിച്ചടയ്ക്കുന്നത് സംനബ്ധിച്ച് വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.33 കുന്നത്ത്നാട് ഗ്രാമപഞ്ചായത്ത്**

10 ലക്ഷം രൂപയിൽ കവിയാതെയുള്ള തുകയ്ക്ക് വാഹനം വാങ്ങി നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.34 കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്**

സ്മാർട്ട് അംഗനവാടി പദ്ധതി അംഗീകരിക്കണമെന്ന ആവശ്യത്തിന്മേൽ 17.02.2016-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനം ഇനം 3.13 മാറ്റേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.35 ബഹു. തൃത്താല എം.എൽ.എ ശ്രീ. വി.ടി. ബൽറാമിന്റെ കത്ത്**

തൃത്താല - കൂറ്റനാട് റോഡിൽ പി.ഡബ്ല്യു.ഡി. ഫണ്ട് ഉപയോഗിച്ച് ബി.എം.ബി.സി. നടപടികൾ തുടങ്ങിയിട്ടുണ്ട്. റോഡിനിരുവശങ്ങളിലും 10-15

മീറ്റർ വീതിയിൽ പി. ഡബ്ല്യു.ഡിയുടെ അല്ലാത്ത സ്ഥലം ഉള്ളതിനാൽ സൈക്കിൾ ട്രാക്ക് നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിക്കാൻ തൃത്താല പഞ്ചായത്തിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.36 പുലിക്കോട്ടിൽ ഹൈദർ സ്മാരകകലാ പഠനകേന്ദ്രം-വണ്ടൂർ**

കലാ പഠനകേന്ദ്രം കെട്ടിട നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തുകൾ 1 ലക്ഷം രൂപ , ബ്ലോക്ക് പഞ്ചായത്തുകൾ 150000 രൂപ, ജില്ലാ പഞ്ചായത്ത് 2 ലക്ഷം രൂപ സംഭാവന ചെയ്യണമെന്ന ആവശ്യത്തിൽ തനത് ഫണ്ട് ഉപയോഗിക്കാൻ യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.37 പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാതെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് സമ്പൂർണ്ണ ജൈവപച്ചക്കറിക്കൃഷി വ്യാപനം എന്ന പദ്ധതിക്ക് അംഗീകാരം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.38 ചെറിയനാട് ഗ്രാമപഞ്ചായത്ത്**

റെയിൽവേ ബ്രിഡ്ജ്- അറയ്ക്കൽ കോളനി റോഡിന്റെ രണ്ട് പ്രവേശന മാർഗങ്ങളിലും റെയിൽവേ അനുമതിയോടെ ഹൈറ്റ് ഗേജ് സ്ഥാപിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.39 നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്**

പൊതു തീരുമാനം 2.5 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.40 എറണാകുളം ജില്ലാ പഞ്ചായത്ത്**

വിദേശ സർവകലാശാലയിൽ പഠനം നടത്തുന്നതിന് സഹായം നൽകുന്ന സ്കീമിൽപ്പെടുത്തി സഹായം നൽകാൻ അനുവദിക്കണമെന്ന ആവശ്യം പരിശോധിക്കുകയും ഭാരത സർക്കാർ അംഗീകരിച്ച സർവകലാശാല ആണെങ്കിൽ മാത്രം അംഗീകാരം നൽകാൻ തീരുമാനിച്ചു. കോഴ്സ്, സെലക്ഷൻ, യൂണിവേഴ്സിറ്റി എന്നിവ സംബന്ധിച്ച കാര്യങ്ങൾ ജില്ലാ പഞ്ചായത്തിന്റെ ഉത്തരവാദിത്തം ആയിരിക്കുമെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.41 ഭാരത സർക്കാർ പഞ്ചായത്ത് സെക്രട്ടറി ശ്രീ.എസ്.എം. വിജയാനന്ദന്റെ കത്ത്**

17.02.2016-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം 2.6 പ്രകാരം എം.ജി.എൻ.ആർ.ജി.എസ് എടുത്ത പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

Guideline on Sub-Plan for core basic services of Grama Panachayats സംബന്ധിച്ച് കില തയ്യാറാക്കിയ ഗൈഡ്ലൈൻ വിശദമായി പരിശോധിച്ച്

നടപടിയെടുക്കാൻ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയെയും , സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെയും ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.42 വാകത്താനം ഗ്രാമപഞ്ചായത്ത്**

പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന എസ്.സി./എസ്.റ്റി. വിഭാഗത്തിലെ കുട്ടികൾക്ക് ഒരു കോഴ്സിന് സ്കോളർഷിപ്പ് ഒരു തവണ മാത്രം നൽകിയാൽ മതിയെന്ന് സ്പഷ്ടീകരണം നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.43 എലപ്പുള്ളി ഗ്രാമപഞ്ചായത്ത്**

ഫെബ്രുവരി 29 വരെ പദ്ധതി ഭേദഗതിക്ക് സമയം അനുവദിച്ചതിനാൽ ജില്ലാ ആസൂത്രണ സമിതിക്ക് എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ പദ്ധതി സമർപ്പിക്കുന്നതിനും മാർഗരേഖപ്രകാരം അംഗീകാരം നൽകുന്നതിനും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.44 അത്തോളി ഗ്രാമപഞ്ചായത്ത്**

എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നേടിയശേഷം കരാർ അടിസ്ഥാനത്തിൽ മാത്രമേ ഇറിഗേഷൻ വകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്യാവൂ എന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.45 വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്**

മാർഗരേഖയിൽ പറഞ്ഞിട്ടില്ലാത്ത കുട, ബാഗ് എന്നിവയും സർക്കാർ സൗജന്യമായി നൽകുന്ന യൂണിഫോമും കെ.എസ്.ഐ.ഇ. മുഖേന വാങ്ങിയതിന് അംഗീകാരം നൽകണമെന്ന ആവശ്യം വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.46 കുലശേഖരപുരം ഗ്രാമപഞ്ചായത്ത്**

സംസ്ഥാനത്തെ ഒന്നാമത്തെ ഗ്രാമപഞ്ചായത്തായി തെരഞ്ഞെടുത്ത കുലശേഖരപുരം ഗ്രാമപഞ്ചായത്തിന്, ജില്ലാ തലത്തിൽ അർഹതാ മാനദണ്ഡം പാലിക്കുന്ന പഞ്ചായത്തില്ലാത്തതിനാൽ കൊല്ലം ജില്ലാതല അവാർഡ് തുക നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.47 പിണ്ടിമന ഗ്രാമപഞ്ചായത്ത് (ബഹു. കോതമംഗലം എം,എൽ.എ ശ്രീ. റ്റി.യു കുരുവിള മുഖേന)**

ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയവും സ്പോർട്സ് കോംപ്ലക്സിനും അധിക സ്ഥലം വാങ്ങുന്നതിന് 9 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ നിന്നും നൽകുന്നതിന് അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.48 തില്ലങ്കേരി ഗ്രാമപഞ്ചായത്ത്**

എസ്.സി., എസ്.റ്റി, ലക്ഷം വീട് കോളനി നിവാസികളുടെ ഗാർഹിക വൈദ്യുതി ചാർജ് കുടിശ്ശിക 76897 രൂപ വികസന ഫണ്ടിൽ നിന്നും അനുവദിക്കണമെന്ന ആവശ്യം സ്പെഷ്യൽ കേസായി അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.49 ദേവികുളം ബ്ലോക്ക് പഞ്ചായത്ത്**

ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടുകൾക്ക് സപ്പോർട്ട് നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്തിനെ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.50 വിളപ്പിൽ ഗ്രാമപഞ്ചായത്ത്**

കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വിതരണം നടത്തിയതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് തുക നൽകണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.51 പൊന്നാനി നഗരസഭ**

66 ചതുരശ്ര മീറ്റർ മുകളിൽ പണിത ഭവനങ്ങൾക്ക് ധനസഹായം നൽകണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.52 പാലിയേറ്റീവ് നഴ്സുമാരുടെ ആവശ്യം.**

17.02.2016–ലെ കോഓർഡിനേഷൻ കമ്മിറ്റി ഇനം 3.4 തീരുമാനത്തോടൊപ്പം ചേർക്കുന്നതിന് 50 വയസ്സിനുമേൽ പ്രായമുള്ള പാലിയേറ്റ് കെയർ നഴ്സുമാർക്ക് ക്വാളിഫിക്കേഷനിൽ സർക്കാർ വകുപ്പിലുള്ളതുപോലെ യോഗ്യത ആർജിക്കുന്ന തിന് എക്സംപ്ഷൻ അനുവദിക്കുന്നതിന് തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(വൈകുന്നേരം 4.45 ന് അവസാനിച്ചു)